REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 30-03-2024 സമയം 06.45 AM

---

## പ്രധാന വാർത്തകൾ

1. രാഷ്ട്രപതി ദ്രൗപതി മുർമു ഭാരതരത്ന പുരസ്കാരങ്ങൾ ഇന്ന് രാഷ്ട്രപതി ഭവനിൽ സമ്മാനിക്കും.
2. ഒന്നാംഘട്ടത്തിൽ തെരഞ്ഞെടുപ്പ് നടക്കുന്ന ലക്ഷദ്വീപ് ഉൾപ്പെടെ 98 മണ്ഡലങ്ങളിൽ നാമനിർദ്ദേശ പത്രിക പിൻവലിക്കാൻ സമയപരിധി ഇന്ന് തീരുന്നതോടെ മത്സരചിത്രം വ്യക്തമാകും.
3. കോൺഗ്രസ്സിന് 1,823 കോടി രൂപ പിഴയടക്കുന്നതിന് ആദായ നികുതി വകുപ്പ് നോട്ടീസ് നൽകി.
4. കടൽ ക്കൊള്ളക്കാരിൽ നിന്ന് ഇറാനിയൻ മത്സ്യബന്ധന കപ്പലും 23 പാകിസ്താൻ ജീവനക്കാരേയും നാവികസേന മോചിപ്പിച്ചു.
5. ഇന്ന് ലോക മാലിന്യ രഹിത ദിനം.
6. ഐ.പി.എൽ ക്രിക്കറ്റിൽ കൊൽക്കത്ത നൈറ്റ് റൈഡേഴ്സിന് തുടർച്ചയായ രണ്ടാം ജയം.

## വാർത്തകൾ വിശദമായി

രാഷ്ട്രപതി ദ്രൗപതി മുർമു ഭാരതരത്ന പുരസ്കാരങ്ങൾ ഇന്ന് സമ്മാനിക്കും. രാഷ്ട്രപതി ഭവനിൽ നടക്കുന്ന ചടങ്ങിൽ, മുൻ പ്രധാനമന്ത്രിമാരായ ചൗധരി ചരൺ സിംഗ്, P.V നരസിംഹ റാവു, ബീഹാർ മുൻ മുഖ്യമന്ത്രി കർപ്പൂരി താക്കൂർ, പ്രമുഖ കാർഷിക ശാസ്ത്രജ്ഞൻ M.S സ്വാമിനാഥൻ എന്നിവർക്ക് മരണാനന്തര ബഹുമതിയായി ഭാരതരത്നം നൽകും. മുൻ ഉപപ്രധാനമന്ത്രിയും

മുതിർന്ന BJP നേതാവുമായ L.K അദ്വാനിക്കും രാജ്യത്തെ പരമോന്നത സിവിലിയൻ പുരസ്കാരം നൽകും.

✪✪✪

ഒരു വ്യക്തിക്കും ഏതെങ്കിലും ഗ്രൂപ്പിനും വിട്ടുവീഴ്ച ചെയ്യാൻ കഴിയാത്ത ശക്തമായ നീതിന്യായ വ്യവസ്ഥയോട് കൂടിയ ജനാധിപത്യ രാഷ്ട്രമാണ് ഇന്ത്യയെന്ന് ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ അഭിപ്രായപ്പെട്ടു. ഇന്ത്യൻ ജനാധിപത്യത്തെ അതുല്യമെന്ന് വിശേഷിപ്പിച്ച ധൻഖർ, നിയമവാഴ്ചയെക്കുറിച്ച് ഇന്ത്യക്ക് ആരിൽ നിന്നും പാഠങ്ങൾ ആവശ്യമില്ലെന്ന് പറഞ്ഞു. ന്യൂഡൽഹിയിൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് അഡ്മിനിസ്ട്രേഷന്റെ എഴുപതാമത് സ്ഥാപക ദിനാചരണത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

✪✪✪

ഒന്നാംഘട്ടത്തിൽ തെരഞ്ഞെടുപ്പ് നടക്കുന്ന 16 സംസ്ഥാനങ്ങളിലെയും ലക്ഷദ്വീപ് ഉൾപ്പെടെ നാല് കേന്ദ്ര ഭരണ പ്രദേശങ്ങളിലെയും, 98 മണ്ഡലങ്ങളിൽ നാമനിർദ്ദേശ പത്രിക പിൻവലിക്കാൻ സമയപരിധി ഇന്ന് തീരുന്നതോടെ മത്സരചിത്രം വ്യക്തമാകും. ആദ്യ ഘട്ടത്തിൽ വോട്ടെടുപ്പ് നടക്കുന്ന ബിഹാറിലെ നാല് മണ്ഡലങ്ങളിൽ സൂക്ഷ്മപരിശോധന ഇന്നാണ്. ഈ മണ്ഡലങ്ങളിൽ പത്രിക പിൻവലിക്കേണ്ട അവസാന ദിവസം ചൊവ്വാഴ്ചയാണ്.

ന്യൂസ് ഡെസ്ക്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ.

...........(വോയ്സ്).....................

ലക്ഷദ്വീപിലെ ഒന്നും, തമിഴ്നാട്ടിലെ 39 ഉം, രാജസ്ഥാനിലെ പന്ത്രണ്ടും, ഉത്തർപ്രദേശിലെ എട്ടും മധ്യപ്രദേശിലെ ആറും, ഉത്തരാഖണ്ഡ്, അസം, മഹാരാഷ്ട്ര എന്നിവിടങ്ങളിലെ അഞ്ച് വീതവും, ബിഹാറിൽ നാലും, പശ്ചിമ ബംഗാളിലെ മൂന്നും, അരുണാചൽ പ്രദേശ്, മണിപ്പൂർ, മേഘാലയ, എന്നിവിടങ്ങളിലെ രണ്ട് വീതവും മണ്ഡലങ്ങളാണ് ആദ്യഘട്ടത്തിൽ വിധിയെഴുതുന്നത്. ഛത്തീസ്ഗഡ്, മിസോറം, നാഗാലാൻഡ്, സിക്കിം, ത്രിപുര, അന്തമാൻ നിക്കോബാർ ദ്വീപുകൾ, ജമ്മു കശ്മീർ, പുതുച്ചേരി എന്നിവിടങ്ങളിൽ ഓരോ സീറ്റിലും ആദ്യഘട്ടത്തിൽ വോട്ടെടുപ്പ് നടക്കും.

102 മണ്ഡലങ്ങളിൽ അടുത്തമാസം 19 നാണ് വോട്ടെടുപ്പ്.

✪✪✪

കോൺഗ്രസ്സിന് 1,823 കോടി രൂപ പിഴയടക്കുന്നതിന് ആദായ നികുതി വകുപ്പ് പുതിയ റിക്കവറി നോട്ടീസ് നൽകി. കഴിഞ്ഞ ഏതാനും വർഷങ്ങളിലെ നികുതി ബാധ്യതയുമായി ബന്ധപ്പെട്ടാണ് നോട്ടീസ് നൽകിയതെന്ന് ഔദ്യോഗിക കേന്ദ്രങ്ങൾ അറിയിച്ചു.

അതിനിടെ, പ്രധാന പ്രതിപക്ഷ പാർട്ടിയെ ദ്രോഹിക്കാൻ ആദായനികുതി വകുപ്പിനെ ആയുധമാക്കുകയാണെന്ന് കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ ആരോപിച്ചു. കോൺഗ്രസ് പാർട്ടിയുടെ അക്കൗണ്ടിൽ നിന്ന് ആദായനികുതി വകുപ്പ് ഇതിനകം 135 കോടി രൂപ പിൻവലിച്ചിട്ടുണ്ടെന്നും ഇത് ക്രൗഡ് സോഴ്സിംഗ് വഴി സമാഹരിച്ച ഫണ്ടാണെന്നും ഖാർഗെ സാമൂഹിക മാധ്യമ പോസ്റ്റിൽ പറഞ്ഞു.

അതേസമയം, ആദായനികുതി വകുപ്പിനെതിരെ ആരോപണങ്ങൾ ഉന്നയിക്കുന്നത് കോൺഗ്രസ് നേതാക്കളുടെ നിരാശയാണ് പ്രതിഫലിപ്പിക്കുന്നതെന്ന് BJP ആരോപിച്ചു. നികുതി ഫയൽ ചെയ്യുന്നതിനോ അപ്പീൽ നൽകുന്നതിനോ ശരിയായ നടപടിക്രമങ്ങൾ പാലിക്കുന്നതിൽ കോൺഗ്രസ് പാർട്ടി പരാജയപ്പെട്ടുവെന്ന് പാർട്ടി വക്താവ് സയ്യിദ് സഫർ ഇസ്ലാം ന്യൂഡൽഹിയിൽ കുറ്റപ്പെടുത്തി.

✪✪✪

ലോക്സഭാ തെരഞ്ഞെടുപ്പിനു അഞ്ച് സ്ഥാനാർത്ഥികളടങ്ങിയ ഒൻപതാം പട്ടിക കോൺഗ്രസ് പുറത്തിറക്കി. രാജസ്ഥാനിലെ ഭിൽവാരയിൽ C.P ജോഷിയും രാജ്സമന്ദ് ലോക്സഭാ സീറ്റിൽ ദാമോദർ ഗുർജറും മത്സരിക്കും.

✪✪✪

ആന്ധ്രാപ്രദേശിൽ നിയമസഭാ, ലോക്സഭാ തിരഞ്ഞെടുപ്പുകൾക്കു അന്തിമ സ്ഥാനാർത്ഥി പട്ടിക തെലുഗുദേശം പാർട്ടി പുറത്തിറക്കി. ഒമ്പത് നിയമസഭാ സീറ്റുകളിലേക്കും നാല് ലോക്സഭാ സീറ്റുകളിലേക്കുമാണ് സ്ഥാനാർത്ഥികളെ പ്രഖ്യാപിച്ചത്. ഇതോടെ TDP മത്സരിക്കുന്ന 17 ലോക്സഭാ സീറ്റുകളിലും, 144 നിയമസഭാ സീറ്റുകളിലും സ്ഥാനാർത്ഥികളായി. ആന്ധ്രയിൽ NDA യുടെ ഭാഗമായാണ് TDP മത്സരിക്കുന്നത്.

✪✪✪

ലോക്സഭാ തിരഞ്ഞെടുപ്പ് പ്രചാരണത്തിനായി മുഖ്യമന്ത്രി പിണറായി വിജയന്റെ മണ്ഡല പര്യടനം ഇന്നാരംഭിക്കും. തിരുവനന്തപുരം

ലോക്സഭാ മണ്ഡലത്തിലാണ് ആദ്യപരിപാടി. ഏപ്രിൽ 22 വരെയാണ് പര്യടനം.

✪✪✪

പ്രമുഖ രാഷ്ട്രീയ പാർട്ടികൾ ഇഞ്ചോടിഞ്ച് പോരാട്ടം നടത്തുന്ന ലോക്സഭാ മണ്ഡലം എന്ന നിലയിൽ വലിയ രാഷ്ട്രീയ പ്രാധാന്യം കൈവന്ന മണ്ഡലമാണ് പത്തനംതിട്ട . വേനൽചൂടിനൊപ്പം തെരഞ്ഞെടുപ്പു ചൂടും മണ്ഡലത്തിൽ അനുദിനം വർദ്ധിക്കുകയാണ്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ജില്ലാപ്രതിനിധി ശ്രീജി എസ് ശ്രീധർ.

................(വോയ്സ്)...................

✪✪✪

ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകളിൽ കൃത്രിമത്വം കാണിക്കുന്നതിനായി രാജ്യത്ത് മൂന്നാഴ്ചത്തേയ്ക്ക് സമ്പൂർണ ലോക്ഡൗൺ പ്രഖ്യാപിക്കുമെന്ന് സാമൂഹിക മാധ്യമങ്ങളിലൂടെ പ്രചരിപ്പിച്ചയാളെ പൊലീസ് അറസ്റ്റ് ചെയ്തു. മലപ്പുറം സ്വദേശി എം.വി ഷറഫുദ്ദീൻ ആണ് പിടിയിലായത്.

കോവിഡിനെത്തുടർന്നുണ്ടായ ലോക്ഡൗൺ സമയത്തെ ഒരു വാർത്തയുടെ സ്ക്രീൻഷോട്ടാണ് ഇയാൾ ഇതിനായി സാമൂഹികമാധ്യമങ്ങളിൽ പ്രചരിപ്പിച്ചത്. കൊച്ചി സൈബർ ഡോം നടത്തിയ സോഷ്യൽമീഡിയ പട്രോളിങ്ങിലാണ് ഇതു കണ്ടെത്തിയത്. ലോക്സഭാ തെരഞ്ഞെടുപ്പ് പ്രമാണിച്ച് സാമൂഹികമാധ്യമങ്ങളിൽ തെറ്റായ വാർത്തകൾ പോസ്റ്റ് ചെയ്യുന്നവരെയും പ്രചരിപ്പിക്കുന്നവരെയും കണ്ടെത്താനായി സൈബർ ഡിവിഷന്റെ നേതൃത്വത്തിൽ സൈബർ പോലീസ് ആസ്ഥാനത്തും എല്ലാ റേഞ്ചുകളിലും എല്ലാ പോലീസ് ജില്ലകളിലും സാമൂഹികമാധ്യമ നിരീക്ഷണസെല്ലുകൾക്ക് രൂപം നൽകിയിട്ടുണ്ട് .

✪✪✪

ലോക്സഭാ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പെരുമാറ്റച്ചട്ട ലംഘനം ശ്രദ്ധയിൽപെട്ടാൽ അതിവേഗം ബന്ധപ്പെട്ടവരെ അറിയിക്കുന്നതിനു സി-വിജിൽ മൊബൈൽ ആപ്ലിക്കേഷൻ മുഖേന എറണാകുളം

ജില്ലയിൽ ഇതുവരെ 4,501 പരാതികൾ ലഭിച്ചു. ഇതിൽ 4,457 എണ്ണം ശരിയാണെന്ന് കണ്ടെത്തി പരിഹരിച്ചതായി അധികൃതർ അറിയിച്ചു.

✪✪✪

ലോക്സഭ തെരെഞ്ഞെടുപ്പ് ചെലവ് നിരീക്ഷിക്കുന്നതിനായി കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ നിയോഗിച്ച എക്സ്പെൻഡിച്ചർ ഒബ്സർവർമാരുടെ നേതൃത്വത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം കോഴിക്കോട്ട് ചേർന്നു.

കോഴിക്കോട് പാർലമെന്ററി മണ്ഡലം എക്സ്പെൻഡിച്ചർ ഒബ്സർവർ സുനിൽ എൻ റാനോട്ട്, വടകര പാർലമെന്ററി മണ്ഡലം എക്സ്പെൻഡിച്ചർ ഒബ്സർവർ മോണിക്ക ഹർഷദ് പാണ്ഡെ എന്നിവരുടെ നേതൃത്വത്തിലാണ് യോഗം ചേർന്നത്.

തെരഞ്ഞെടുപ്പ് സ്വതന്ത്രവും നീതിപൂർവകവുമാക്കുന്നതിൽ ചെലവ് നിരീക്ഷണം പ്രധാനമാണെന്ന് സുനിൽ എൻ റാനോട്ട് അഭിപ്രായപ്പെട്ടു.

✪✪✪

മതിയായ രേഖകളില്ലാതെ കൊണ്ടു പോയ 31 ലക്ഷം രൂപ കോഴിക്കോട് ചെലവു നിരീക്ഷണ സെല്ലിന് കീഴിലെ സ്റ്റാറ്റിക്ക് സർവൈലൻസ് സ്ക്വാഡ് പിടികൂടി. പിടിച്ചെടുത്ത തുക ആദായ നികുതി വകുപ്പിന് കൈമാറി.

മതിയായ രേഖകളുടെ അഭാവത്തിൽ കൊണ്ടു പോയ 32 ലക്ഷത്തി 64,500/- രൂപ കോഴിക്കോട്ട് വിവിധ സ്ക്വാഡുകൾ ഇതുവരെ പിടികൂടിയിട്ടുണ്ടെന്ന് ചെലവു നിരീക്ഷണ സെൽ കോഴിക്കോട്ട് അറിയിച്ചു.

✪✪✪

അറബിക്കടലിൽ വീണ്ടും കടൽക്കൊള്ളക്കാരെ നേരിട്ട് ഇന്ത്യൻ നാവികസേന. 12 മണിക്കൂർ നീണ്ട തന്ത്രപരമായ നീക്കങ്ങൾക്കും ഏറ്റുമുട്ടലുകൾക്കുമൊടുവിൽ കടൽ ക്കൊള്ളക്കാരിൽ നിന്ന് ഇറാനിയൻ മത്സ്യബന്ധന കപ്പലും അതിലെ 23 പാകിസ്താൻ ജീവനക്കാരേയും നാവികസേന മോചിപ്പിച്ചു.

വ്യാഴാഴ്ച രാത്രി ഇറാനിയൻ മത്സ്യബന്ധന കപ്പൽ 'അൽ കമ്പാർ 786' ൽ ഒമ്പത് സായുധരായ കടൽ ക്കൊള്ളക്കാരുടെ സംഘം കയറിയതായ റിപ്പോർട്ടുകളെ തുടർന്ന് ഇന്നലെ വൈകീട്ടോടെയാണ് ഇന്ത്യൻ നാവികസേന ദൗത്യം തുടങ്ങിയത്. സമുദ്ര സുരക്ഷയ്ക്കായി

അറബിക്കടലിൽ വിന്യസിച്ച ഐഎൻഎസ് സുമേധ, ഐഎൻഎസ് ത്രിശൂൽ എന്നീ പടക്കപ്പലുകളാണ് ദൗത്യത്തിൽ ഏർപ്പെട്ടത്.

✪✪✪

ഇന്ന് ലോക മാലിന്യ രഹിതദിനം.

ആഗോളതലത്തിൽ മാലിന്യ സംസ്കരണത്തെ ശക്തിപ്പെടുത്തേണ്ടതിന്റെ പ്രാധാന്യവും സുസ്ഥിര ഉപഭോഗവും ഉൽപാദന രീതിയും പ്രോത്സാഹിപ്പിക്കേണ്ടതിന്റെ ആവശ്യകതയും എടുത്തുകാണിക്കുന്നതിനാണ് എല്ലാ വർഷവും മാർച്ച് 30 ലോക മാലിന്യ രഹിതദിനമായി ആചരിക്കുന്നത്.

ഡെസ്ക്ക് റിപ്പോർട്ട്

.....(വോയ്സ്)......

2022 ഡിസംബർ 14-ന് ചേർന്ന ഐക്യരാഷ്ട്ര പൊതുസഭയുടെ 77-ാമത് സെഷനിലാണ് എല്ലാ വർഷവും മാർച്ച് 30 അന്താരാഷ്ട്ര ലോക മാലിന്യ രഹിതദിനമായി പ്രഖ്യാപിക്കുന്നതിന് പ്രമേയം അംഗീകരിച്ചത്. ഈ ദിനം, സുസ്ഥിര ഉൽപ്പാദനത്തെയും ഉപഭോഗ ശീലങ്ങളെയും പ്രോത്സാഹിപ്പിക്കുകയും 2030 ലെ സുസ്ഥിര വികസന അജണ്ടയെ മാലിന്യ രഹിത പദ്ധതികൾ എങ്ങനെ ത്വരിതപ്പെടുത്തുന്നു എന്നതിനെക്കുറിച്ച് അവബോധം വർദ്ധിപ്പിക്കുകയും ചെയ്യുന്നു.

അന്താരാഷ്ട്ര ലോകമാലിന്യ രഹിത ദിനത്തിനു മുന്നോടിയായി ഐക്യരാഷ്ട്ര സംഘടന കഴിഞ്ഞ ദിവസം പ്രസിദ്ധീകരിച്ച ഫുഡ് വേസ്റ്റ് ഇൻഡക്സ് റിപ്പോർട്ട് 2024 ൽ ലോകം ഒരു വർഷം നൂറ് കോടി ടൺ ഭക്ഷണം പാഴാക്കി കളയുന്നുവെന്ന ഞെട്ടിപ്പിക്കുന്ന റിപ്പോർട്ട് പുറത്തുവിട്ടിരുന്നു. 2022 ലെ കണക്കാണിത്. ആ വർഷം ലോകം പാഴാക്കിയ ഭക്ഷണം കൊണ്ട് 78 കോടി പട്ടിണി പാവങ്ങൾക്ക് ഒരു നേരമെങ്കിലും ഭക്ഷണം നൽകാമായിരുന്നുവെന്ന് റിപ്പോർട്ട് തയ്യാറാക്കിയ UN പരിസ്ഥിതി ഏജൻസി അഭിപ്രായപ്പെട്ടു. 83 ലക്ഷം കോടി രൂപ വിലമതിക്കുന്ന പാഴാക്കിയ ഭക്ഷണം ലോക വിപണിയിൽ ലഭ്യമായ ആകെ ഭക്ഷണത്തിന്റെ അഞ്ചിലൊന്ന് വരും. വീടുകളിൽ നിന്നാണ് ഏറ്റവുമധികം ഭക്ഷണം പാഴാക്കുന്നത്. ആകെ പാഴാക്കിയതിൽ 60 ശതമാനം- അതായത് 60 കോടി ടൺ വീടുകളിൽ നിന്ന് മാലിന്യത്തിലേക്ക് തള്ളിയതാണ്. കൊടും പട്ടിണി നിലനിൽക്കുന്ന ലോകത്ത് ആഹാരം പാഴാക്കുന്നത് ആഗോള ദുരന്തമാണെന്നാണ് ഏജൻസി വിശേഷിപ്പിച്ചത്.

✪✪✪

ഐ.പി.എൽ ക്രിക്കറ്റിൽ കൊൽക്കത്ത നൈറ്റ് റൈഡേഴ്സിന് തുടർച്ചയായ രണ്ടാം ജയം.ബെംഗളൂരുവിൽ, റോയൽ ചലഞ്ചേഴ്സ് ബാംഗ്ലൂരിനെ ഏഴ് വിക്കറ്റിനാണ് കൊൽക്കത്ത പരാജയപ്പെടുത്തിയത്.ഇതോടെ കൊൽക്കത്ത പോയിന്റ് പട്ടികയിൽ രണ്ടാം സ്ഥാനത്തെത്തി.

ഇന്ന് ലഖ്നൗ സൂപ്പർ ജയന്റ്സ്, പഞ്ചാബ് കിംഗ്സിനെ നേരിടും.വൈകിട്ട് ഏഴരയ്ക്ക് ലഖ്നൗവിലാണ് മത്സരം.

✪✪✪

തമിഴ് സിനിമാ നടൻ ഡാനിയൽ ബാലാജി അന്തരിച്ചു. അദ്ദേഹത്തിന് 48 വയസ്സായിരുന്നു. ഹൃദയാഘാതത്തെ തുടർന്ന് ഇന്നലെ രാത്രി കൊട്ടിവാകത്തെ ആശുപത്രിയിലായിരുന്നു അന്ത്യം. സംസ്കാര ചടങ്ങുകൾ ഇന്ന് വീട്ടുവളപ്പിൽ നടക്കും.

ടി.സി ബാലാജി എന്ന ഡാനിയൽ ബാലാജി നിരവധി തമിഴ് ചിത്രങ്ങളിൽ ശ്രദ്ധേയമായ വേഷങ്ങൾ കൈകാര്യം ചെയ്തിട്ടുണ്ട്. മലയാളം, തെലുങ്ക്, കന്നട ചലച്ചിത്രങ്ങളിലും അഭിനയിച്ചു. 'ബ്ലാക്ക്' എന്ന ചിത്രത്തിലാണ് മലയാള സിനിമയിൽ ആദ്യമായി അഭിനയിച്ചത്. പിന്നീട് മോഹൻലാൽ നായകനായ ഭഗവാൻ, മമ്മൂട്ടി നായകനായ ഡാഡി കൂൾ എന്നീ ചിത്രങ്ങളിലും അഭിനയിച്ചു.

✪✪✪

കോട്ടയത്ത് കെ.കെ റോഡിൽ കളത്തിൽപ്പടിയിൽ KSRTC ബസ് ഇടിച്ച് യുവാവ് മരിച്ചു. ആലപ്പുഴ കളപ്പുര സ്വദേശി വിഷ്ണുവാണ് മരിച്ചത്.

✪✪✪

രാജ്യമാകെ അയിത്തോച്ചാടന സമരങ്ങൾക്ക് മാർഗദീപം കൊളുത്തിയ വൈക്കം സത്യാഗ്രഹം ആരംഭിച്ചിട്ട് ഇന്ന് നൂറ് വർഷം തികയുന്നു. വൈക്കം മഹാദേവ ക്ഷേത്രത്തിന് സമീപത്തെ പൊതുവഴിയിലൂടെ എല്ലാ മനുഷ്യർക്കും സഞ്ചരിക്കാൻ അവകാശത്തിന് വേണ്ടി നടന്ന സത്യാഗ്രഹം 603 ദിവസമാണ് നീണ്ടത്. 1924 മാർച്ച് 30-നാണ് സത്യഗ്രഹം ആരംഭിച്ചത്. കിഴക്കേനട ഒഴിച്ചു എല്ലാ റോഡുകളും എല്ലാവർക്കുമായി തുറന്നുകൊടുത്ത് 1925 നവംബർ 23 നാണ് സമരം അവസാനിച്ചത്.

✪✪✪